LIBRARY ARCHIVES Kerala Legislative Assembly

## ചേർപ്പ് നിയോജകമണ്ഡലത്തിലെ അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകാൻ നടപടി

20 [3364] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജക മണ്ഡലത്തിലെ വിവിധ കെ.എസ്.ഇ.ബി. ഓഫീസുകളിൽ (ചേർപ്പ്, കൂർക്കഞ്ചേരി, പെരിങ്ങോട്ടുകര, അമ്മാടം, ചിറയ്ക്കൽ, ഒല്ലൂർ, കണ്ടശ്ശാംകടവ്) വീടുകളിലേക്കുള്ള വൈദ്യുതി കണക്ഷനുവേണ്ടിയുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എസ്.സി. വിഭാഗത്തിലുള്ള അപേക്ഷകൾ എത്ര വീതം എന്ന് വ്യക്തമാക്കാമോ;

(സി) 2001 മേയ്മാസത്തിന് ശേഷം 2004 ആഗസ്റ്റ് 31 വരെയും 2004 സെപ്റ്റംബർ മുതൽ ഇതുവരെയായി എത്ര വീടുകൾക്കുള്ള കണക്ഷൻ ഓരോ ഓഫീസുകൾക്ക് കീഴിലായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള അപേക്ഷകർക്ക് കണക്ഷൻ നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ—സി) അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.†

(ഡി) പുതുക്കിയ ബോർഡ് ഉത്തരവ് അനുസരിച്ച് 31-12-2004 വരെ രജിസ്റ്റർ ചെയ്ത വെതർ പ്രൂഫ് കണക്ഷനുകളും 31-12-2003 വരെ രജിസ്റ്റർ ചെയ്ത ഓവർഹെഡ് കണക്ഷനുകളും കൂടാതെ ഒ.വൈ.ഇ.സി. പ്രകാരം രജിസ്റ്റർ ചെയ്ത കണക്ഷനുകളും എത്രയും വേഗം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കുറ്റ്യാടി എക്സ്റ്റൻഷൻ പവർ പ്രോജക്ടിന് സ്ഥലം അക്വയർ ചെയ്യാൻ നടപടി

21 [3365] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയത്തെ കുറ്റ്യാടി എക്സ്റ്റൻഷൻ പവർ പ്രോജക്ടിന്റെ പ്രവർത്തി ഏതുഘട്ടം വരെ എത്തിയെന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പദ്ധതിക്കുവേണ്ടി സ്വകാര്യ വ്യക്തികളുടെ ഭൂമി കെ.എസ്.ഇ.ബി. അക്വയർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരുടെതെന്നും എത്ര വീതമാണെന്നും അറിയിക്കാമോ;

(സി) പുതുതായി ഈ ആവശ്യത്തിന് സ്ഥലം അക്വയർ ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) സ്ഥലം അക്വയർ ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ആരെങ്കിലും ബോർഡിനെ സമീപിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അവരുടെ പേരു വിവരം വെളിപ്പെടുത്തുമോ;

(എഫ്) ഇതു സംബന്ധിച്ച് എന്ത് നടപടിയാണ് കൈക്കൊണ്ടത് എന്നറിയിക്കാമോ?

ഉത്തരം

(എ) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. 5.4% പണികൾ പൂർത്തിയായിട്ടുണ്ട്.

(ബി) ഉണ്ട്.

1. ശ്രീ. ടി. സി. ജെയിംസ് 0.3273 ഹെക്ടർ
2. ശ്രീമതി ഷെർളി ജെയിംസ് 0.5219 ഹെക്ടർ
3. ശ്രീ. മണ്ണനാൽ ഫിലിപ്പോസ് 1.1903 ഹെക്ടർ
4. ശ്രീമതി മണ്ണനാൽ ത്രേസ്യമ്മ മറ്റ് ഏഴുപേർ 1.4772 ഹെക്ടർ

(സി) ബാക്കി ആവശ്യമായി വരുന്ന 1.0579 ഹെക്ടർ, ലാന്റ് ട്രൈബ്യൂണലിൽ നിന്നും ക്രയ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് താഴെപ്പറയുന്ന ഉടമകളിൽ നിന്നും അക്വയർ ചെയ്യുന്നതാണ്.

1. ശ്രീ. മണ്ണനാൽ ജോസഫ് 0.0864 ഹെക്ടർ
2. ശ്രീമതി അന്നമ്മാ മാത്യൂ 0.6650 ഹെക്ടർ
3. ശ്രീ. മണ്ണനാൽ സ്കറിയാച്ചൻ 0.3065 ഹെക്ടർ

(ഡി) ഉണ്ട്.

(ഇ) 1. ശ്രീ. സി. ബി. ജോസഫ്
2. ,, ഫിലിപ്പ് മണ്ണനാൽ
3. ,, എം. കെ. സ്കറിയ മണ്ണനാൽ
4. ഡോ. ജെയിംസ്

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) മേൽ പറഞ്ഞ ഭൂവുടമകളുടെ നിവേദനം ബോർഡ് പരിശോധിച്ചു വരുന്നു.

ഇരിക്കൂർ മണ്ഡലത്തിലെ ചീത്തപ്പാറ ട്രൈബൽ കോളനിയിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ നടപടി

22 [3366] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പയ്യാവൂർ പഞ്ചായത്തിൽപ്പെട്ട ചീത്തപ്പാറ ട്രൈബൽ കോളനിയിലെ വൈദ്യുതീകരണ പ്രവൃത്തികൾ ഏത് ഘട്ട ത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ പ്രവൃത്തി എന്നാണ് ആരംഭിച്ചത്;

(സി) വൈദ്യുതി കണക്ഷൻ നൽകിയോ; എങ്കിൽ എത്ര വീടുകൾക്ക് കണക്ഷൻ നൽകിയെന്ന് വ്യക്തമാക്കാമോ;

(ഡി) കോളനി വൈദ്യുതീകരണം എന്ന് പൂർത്തികരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോളനി വൈദ്യുതീകരണം സംബന്ധിച്ച ലൈൻവർക്ക് പൂർത്തികരിച്ചിട്ടുണ്ട്.

(ബി) 24-5-2004.

(സി ആന്റ് ഡി) ഗുണഭോക്താക്കൾ വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷ നല്കിയിട്ടില്ല. വൈദ്യുതി കണക്ഷന് വേണ്ട അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സർവീസ് കണക്ഷൻ നൽകുന്നതാണ്.

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, അത്തോളി, പുതിയങ്ങാടി എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമറുകൾക്ക് പുതുതായി നിർദ്ദേശം

23 [3367] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, അത്തോളി, പുതിയങ്ങാടി മേജർ വൈദ്യുതി സെക്ഷനുകളിൽ എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly